## മധുരമായ കുട്ടികളേ – ബാബ വഴികാട്ടിയാണ് എന്നതുപോലെ വഴികാട്ടിയായി മാറി എല്ലാവർക്കും വീട്ടിലേക്കുളള വഴി പറഞ്ഞുകൊടുക്കണം, അന്ധന്മാരുടെ ഊന്നുവടിയായി മാറണം.

**ചോദ്യം –**നിങ്ങൾ കുട്ടികൾക്കുമാത്രം അറിയാവുന്ന, ഈ ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ അനാദി ഡ്രാമയുടെ രഹസ്യം ഏതാണ് ?

**ഉത്തരം –** ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ അനാദി നാടകമാണ്, ഇതിൽ ഏതൊരു അഭിനേതാവിനെയും കൂട്ടിച്ചേർക്കാൻ സാധിക്കില്ല, ആരെയും കുറയ്ക്കാനും കഴിയുകയില്ല. ഇടയിൽ ആർക്കും മോക്ഷം ലഭിക്കില്ല. ഞങ്ങൾക്ക് ഈ വരവുപോക്കിന്റെ ചക്രത്തിൽ നിന്നും മുക്തമാകണമെന്ന് ആർക്കും പറയാൻ സാധിക്കില്ല. ബാബ പറയുന്നു, കുറച്ച് സമയത്തേക്ക് മാത്രം ഇതിൽ നിന്നും മുക്തമാകാം. പക്ഷേ പാർട്ടിൽ നിന്നും ഒരിക്കലും ആർക്കും മുക്തമാകാൻ സാധിക്കില്ല. ഡ്രാമയുടെ ഈ രഹസ്യത്തെക്കുറിച്ച് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ.

**ഓം ശാന്തി.** ഭോലാനാഥനെന്ന് ആരെയാണ് പറയുന്നതെന്ന് മധുരമധുരമായ കുട്ടികൾക്കറിയാം. നിങ്ങൾ സംഗമയുഗികളായ കുട്ടികൾക്ക് മാത്രമേ ഇതറിയൂ, കലിയുഗീ മനുഷ്യർക്ക് ലേശം പോലും അറിയില്ല. ജ്ഞാനസാഗരൻ ഒരേയൊരു ബാബയാണ്. ബാബ തന്നെയാണ് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനത്തെക്കുറിച്ച് മനസ്സിലാക്കിത്തരുന്നത്. തന്റെ പരിചയം നൽകുന്നു. ഇപ്പോഴാണ് നിങ്ങൾ കുട്ടികൾക്കും മനസ്സിലാകുന്നത്, മുമ്പ് നിങ്ങൾക്കും ഇതറിയുമായിരുന്നില്ല. ബാബ പറയുന്നു, ഞാൻ തന്നെയാണ് വന്ന് ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നത്. പരിധിയില്ലാത്ത സമ്പത്ത് നൽകുന്നത്. നിങ്ങൾ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുന്നു. പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്താണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ്. ഇതിൽ ഒരു അഭിനേതാവിനും കൂടാനോ കുറയാനോ സാധിക്കില്ല. എല്ലാവർക്കും തന്റേതായ പാർട്ട് ലഭിച്ചിട്ടുണ്ട്. ആർക്കും മോക്ഷം ലഭിക്കില്ല. ആര് ഏതെല്ലാം ധർമ്മത്തിലുള്ളവരാണോ അവർ ആ ധർമ്മത്തിലേക്കു തന്നെ പോകുന്നു. ബുദ്ധമതത്തിലുള്ളവരും ക്രിസ്ത്യാനികളും ആഗ്രഹിക്കുകയാണെങ്കിൽ പോലും അവർക്ക് സ്വർഗ്ഗത്തിലേക്ക് വരാൻ സാധിക്കില്ല. അവരുടെ ധർമ്മസ്ഥാപകർ വന്നാലെ അവർക്ക് പാർട്ടുള്ളൂ. ഇതെല്ലാം തന്നെ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. മുഴുവൻ ലോകത്തിലുള്ള മനുഷ്യരും ഈ സമയം നാസ്തികരാണ്. അർത്ഥം പരിധിയില്ലാത്ത അച്ഛനെ അറിയാത്തവരാണ്. മനുഷ്യർക്കല്ലേ അറിയേണ്ടത്. ഇത് മനുഷ്യരുടെ നാടകശാലയാണ്. ഓരോരോ ആത്മാക്കളും നിർവ്വാണധാമത്തിൽ നിന്നും പാർട്ട് അഭിനയിക്കാനായി വരുന്നു. പിന്നീട് നിർവ്വാണധാമത്തിലേക്ക് പോകാനുള്ള പുരുഷാർത്ഥവും ചെയ്യുന്നു. ബുദ്ധൻ നിർവ്വാണം പൂകി എന്നെല്ലാം പറയുന്നുണ്ട്. ബുദ്ധന്റെ ശരീരമല്ലല്ലോ ആത്മാവാണ് പോയത്. പക്ഷേ ബാബ മനസ്സിലാക്കിത്തരുന്നു ആരും തന്നെ പോകുന്നില്ല. ആർക്കും നാടകത്തിൽ നിന്നും മുക്തമാകാൻ സാധിക്കില്ല. ആരും മോക്ഷം പ്രാപിക്കില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതുമായ നാടകമാണ്. ചില മനുഷ്യർ മോക്ഷം ലഭിക്കുമെന്നു വിചാരിക്കുന്നതുകൊണ്ടാണ് അതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നത്. ജൈനധർമ്മത്തിലുള്ളവർ ഇതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നുണ്ട്, അവർക്ക് അവരുടെതായ രീതിയും സമ്പ്രദായവുമാണ്, അവർ അവരുടെ ഗുരുവിനെ മാനിക്കുന്നുമുണ്ട്. അല്ലാതെ ആർക്കും തന്നെ മോക്ഷം ലഭിക്കുന്നില്ല. നമ്മൾ ഡ്രാമയിലുള്ള പാർട്ട്ധാരികളാണെന്ന് നമുക്കറിയാം. നമ്മൾ എപ്പോൾ വന്നു ഇനി എങ്ങനെ തിരികെ പോകും എന്ന് ആർക്കും തന്നെ അറിയില്ല. മൃഗങ്ങൾക്ക് ഇതിനെക്കുറിച്ചൊന്നും അറിയില്ലല്ലോ. ഞങ്ങൾ അഭിനേതാക്കളാണെന്നുള്ളത് മനുഷ്യർക്കു മാത്രമല്ലേ അറിയൂ. ഇവിടെ കർമ്മക്ഷേത്രമാണ്, അവിടെ നിർവ്വാണധാമത്തിലാണ് ആത്മാക്കൾ വസിക്കുന്നത്. അതിനെ കർമ്മക്ഷേത്രം എന്ന് ഒരിക്കലും പറയില്ല. അത് നിരാകാരി ലോകമാണ്. അവിടെ നാടകമില്ല, അഭിനയവുമില്ല. നിരാകാരീ ലോകത്തു നിന്നും സാകാരീ ലോകത്തിലേക്ക് പാർട്ട് അഭിനയിക്കാനായി വരികയാണ്, ഇത് ആവർത്തിച്ചുകൊണ്ടിരിക്കും. ഒരിക്കലും പ്രളയം സംഭവിക്കുന്നില്ല. ശാസ്ത്രത്തിൽ കാണിക്കുന്നുണ്ട് – മഹാഭാരത യുദ്ധത്തിൽ യാദവരും കൗരവരും മരണപ്പെട്ടു, ബാക്കി പഞ്ചപാണ്ഡവർ അവശേഷിച്ചു, അവരും പർവ്വതത്തിൽ ഉരുകി മരിക്കുന്നതായി കാണിക്കുന്നുണ്ട്. ബാക്കി ആരും തന്നെ അവശേഷിക്കുന്നില്ല. ഇതിലൂടെ മനസ്സിലാക്കുന്നു പ്രളയം സംഭവിച്ചു എന്ന് . ഈ കഥകളെല്ലാം ഉണ്ടാക്കിയതാണ്, പിന്നീട് കാണിക്കുന്നു സമുദ്രത്തിലൂടെ ആലിലയിൽ കൃഷ്ണൻ കാലിലെ തള്ളവിരൽ കുടിച്ചുവന്നു. പക്ഷെ ഇതിലൂടെ എങ്ങനെ ലോകത്തിന്റെ സ്ഥാപന ഉണ്ടാകും? എന്തെല്ലാം കേൾക്കുന്നുവോ അതിനെയെല്ലാം മനുഷ്യർ സത്യം സത്യം എന്നു പറഞ്ഞു

വന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ശാസ്ത്രങ്ങളിലും എന്തെല്ലാമാണ് എഴുതിവെച്ചിട്ടുള്ളത്, അതെല്ലാം ഭക്തീമാർഗ്ഗത്തിലെ ശാസ്ത്രങ്ങളാണ്. ഭക്തർക്ക് ഫലം നൽകുന്നത് ഒരേയൊരു ഭഗവാനായ അച്ഛനാണ്. ചിലർ മുക്തിയിലേക്കും ചിലർ ജീവൻ മുക്തിയിലേക്കും പോകുന്നു. ഓരോരോ പാർട്ട്ധാരി ആത്മാവിന്റേയും പാർട്ട് എപ്പോഴാണോ വരുന്നത് അപ്പോഴേ അവർ മുകളിൽ നിന്നും താഴേക്ക്വരൂ. ഈ ഡ്രാമയുടെ രഹസ്യം നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിയില്ല. ഞങ്ങൾക്ക് രചയിതാവിനെക്കുറിച്ചും രചനയെക്കുറിച്ചും അറിയില്ല എന്നു പറയുന്നുണ്ട്. ഡ്രാമയിലെ അഭിനേതാക്കളായിട്ടും ഡ്രാമയുടെ ആദിമധ്യാന്ത്യത്തിന്റെ കാലയളവിനെക്കുറിച്ച് അറിയുന്നില്ല എങ്കിൽ വിവേകഹീനർ എന്നല്ലേ പറയൂ. മനസ്സിലാക്കിക്കൊടുത്തിട്ടും അവർ മനസ്സിലാക്കുന്നില്ല. 84 ലക്ഷം ജന്മങ്ങൾ എന്ന് മനസ്സിലാക്കിയതിലൂടെ കാലയളവും ലക്ഷക്കണക്കിന് വർഷങ്ങൾ നൽകി.

ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ബാബാ, ഞങ്ങൾ അങ്ങയിൽ നിന്നും കൽപ്പകൽപ്പം വന്ന് സ്വർഗ്ഗത്തിന്റെ ചക്രവർത്തീപദവി എടുക്കുന്നു. 5000 വർഷങ്ങൾക്കു മുമ്പും അങ്ങുമായി മിലനം ചെയ്തിരുന്നു, പരിധിയില്ലാത്ത സമ്പത്ത് നേടുന്നതിനായി. യഥാരാജാറാണി തഥാ പ്രജാ എല്ലാവരും വിശ്വത്തിന്റെ അധികാരികളായിരുന്നു. പ്രജകളും പറഞ്ഞിരുന്നു ഞങ്ങൾ വിശ്വത്തിന്റെ അധികാരികളാണ്. നിങ്ങളും എപ്പോഴാണോ വിശ്വത്തിന്റെ അധികാരികളായിരുന്നത്, ആ സമയത്ത് ചന്ദ്രവംശീരാജ്യം ഉണ്ടായിരുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ഡ്രാമയിലെ മുഴുവൻ ആദിമധ്യാന്ത്യത്തെക്കുറിച്ചും അറിയാം. മനുഷ്യർ ഭക്തിമാർഗ്ഗത്തിൽ ഒന്നും അറിയാതെത്തന്നെ ധാരാളം പൂജ ചെയ്തിരുന്നു. ആരുടെയാണോ ഭക്തി ചെയ്തിരുന്നത് അവരുടെ ചരിത്രത്തെക്കുറിച്ച് അറിയണമല്ലോ. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ ബാബയിലൂടെ എല്ലാവരുടെയും ജീവചരിത്രത്തെക്കുറിച്ച് അറിയാം. നിങ്ങൾ ബാബയുടേതായി മാറിയിരിക്കുകയാണ്. ബാബയുടെ ചരിത്രത്തെക്കുറിച്ചും അറിയാം. ബാബയാണ് പതിതപാവനൻ, മുക്തേശ്വരൻ, വഴികാട്ടി. നിങ്ങളെ പാണ്ഢവർ എന്നു പറയുന്നു. നിങ്ങൾ എല്ലാവരുടേയും ഗൈഡ് ആയി മാറുന്നു. അന്ധരുടെ ഊന്നുവടിയായി മാറുന്നു എല്ലാവർക്കും വഴി പറഞ്ഞുകൊടുക്കുന്നതിനുവേണ്ടി. ഏതുപോലെയാണോ ബാബ വഴികാട്ടി അതുപോലെ കുട്ടികൾക്കും വഴികാട്ടികളായി മാറണം. എല്ലാവർക്കും വഴിപറഞ്ഞു കൊടുക്കണം. നിങ്ങൾ ആത്മാക്കളാണ് ബാബ പരമാത്മാവാണ്, ബാബയിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു. ഭാരതം പണ്ട് പരിധിയില്ലാത്ത രാജ്യമായിരുന്നു, ഇപ്പോഴില്ല. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ പരിധിയില്ലാത്ത അച്ഛനിൽനിന്നും പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് എടുക്കുകയാണ്. അതായത് മനുഷ്യനിൽ നിന്നും ദേവതയാവുകയാണ്. നമ്മൾ തന്നെയായിരുന്നു ദേവതകൾ പിന്നീട് 84 ജന്മങ്ങൾ എടുത്ത് ശൂദ്രനായി മാറി. ബാബ വന്ന് ശൂദ്രനിൽ നിന്നും ബ്രാഹ്മണ നാക്കുന്നു. യജ്ഞത്തിൽ ബ്രാഹ്മണർ തീർച്ചയായും വേണം. ഇത് ജ്ഞാനയജ്ഞമാണ്, ഭാരതത്തിൽ ധാരാളം യജ്ഞങ്ങൾ രചിക്കുന്നുണ്ട്. അതിലും പ്രത്യേകിച്ച് ആര്യസമാജത്തിലുള്ളവർ വളരെയധികം യജ്ഞം രചിക്കുന്നു. പക്ഷെ ഇത് രുദ്രജ്ഞാനയജ്ഞമാണ് ഇതിൽ മുഴുവൻ പഴയ ലോകവും സ്വാഹാ ആവണം. ഇപ്പോൾ ബുദ്ധി പ്രയോഗിക്കൂ. കലിയുഗത്തിലിപ്പോൾ ധാരാളം മനുഷ്യരുണ്ട് ഈ മുഴുവൻ പഴയ ലോകവും നശിക്കും. ഏതൊരു വസ്തുവും ഉപയോഗത്തിൽ വരികയില്ല. സത്യയുഗത്തിൽ എല്ലാം പുതിയതായിരിക്കും. ഇവിടെ എത്ര അഴുക്കാണ്. മനുഷ്യർ എത്ര മോശമായ രീതിയിലാണ് ജീവിക്കുന്നത്. ധനവാന്മാർ വലിയ നല്ല കൊട്ടാരങ്ങളിൽ വസിക്കുന്നു. പാവപ്പെട്ടവർ അഴുക്കുള്ള സ്ഥലത്ത് കുടിലുകളിൽ ജീവിക്കുന്നു. ഇപ്പോൾ ഈ കുടിലുകളെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് വേറെ സ്ഥലം നൽകി ആ സ്ഥലത്തെ വിൽക്കുന്നു. അവർ മാറിപ്പോകുന്നില്ലെങ്കിൽ ബലം പ്രയോഗിച്ച് മാറ്റുന്നു. ദരിദ്രർ ദുഖികളാണ്, ആരാണോ സുഖികളായി ജീവിക്കുന്നവർ അവർക്ക് സ്ഥിരമായ സുഖവുമില്ല. അഥവാ സുഖമുണ്ടെങ്കിൽ കാഗവിഷ്ഠസമാന സുഖം എന്ന് എന്തിനാണ് പറയുന്നത്.

ശിവഭഗവാനുവാച, നമ്മൾ ഈ മാതാക്കളിലൂടെ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കുകയാണ്. മാതാക്കൾക്കാണ് കലശം നൽകിയിരിക്കുന്നത്. അവർ പിന്നീട് എല്ലാവരെയും ജ്ഞാനാമൃതം കുടിപ്പിക്കുന്നു. പക്ഷെ നിങ്ങളുടേത് പ്രവൃത്തി മാർഗ്ഗമാണ്. നിങ്ങൾ സത്യം സത്യമായ ബ്രാഹ്മണരാണ്, നിങ്ങളാണ് എല്ലാവരെയും ജ്ഞാനചിതയിൽ ഇരുത്തുന്നത്. ഇപ്പോൾ നിങ്ങൾ ദൈവീക സമ്പ്രദായ ത്തിലുള്ളവരായി മാറുന്നു. ആസുരീയ സമ്പ്രദായം അർത്ഥം രാവണ രാജ്യമാണ്. ഗാന്ധിജിയും രാമരാജ്യം വേണമെന്ന് പറഞ്ഞിരുന്നു. പതിതപാവനാ എന്നു വിളിക്കുന്നുണ്ട് പക്ഷെ ആരും അവനവനെ പതിതരെന്ന് മനസ്സിലാക്കുന്നില്ല. ബാബ നിങ്ങൾ കുട്ടികളെ ഉണർത്തുന്നു, നിങ്ങൾ ഘോര അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് വന്നിരിക്കുകയാണ്. മനുഷ്യർ മനസ്സിലാക്കുന്നു ഗംഗാസ്നാനത്തിലൂടെയാണ് പാവനമാകുന്നത്. ഗംഗാ നദിയിൽ ഹരിദ്വാറിലുള്ള മുഴുവൻ അഴുക്കും ഉണ്ട്. ചില സ്ഥലത്ത് ഈ അഴുക്ക് മുഴുവനും കൃഷിയിടങ്ങളിൽ പോകുന്നു. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നും ഉണ്ടാകില്ല.

അവിടെ ധാരാളം ധാന്യങ്ങൾ ഉണ്ടാകും. പൈസ ചിലവഴിക്കേണ്ട ആവശ്യം വരുന്നില്ല. ബാബ അനുഭവിയല്ലേ. ആദ്യം ധാന്യങ്ങൾക്കെല്ലാം എത്ര വിലക്കുറവായിരുന്നു. സത്യയുഗത്തിൽ വളരെ കുറച്ചു മനുഷ്യരെ ഉണ്ടായിരുന്നുള്ളൂ. ഓരോ വസ്തുവിനും വിലക്കുറവാണ്. അപ്പോൾ ബാബ പറയുന്നു- മധുരമായ കുട്ടികളെ ഇപ്പോൾ നിങ്ങൾക്ക് പതിതത്തിൽ നിന്നും പാവനമാകണം. യുക്തി വളരെ സഹജമായാണ് പറഞ്ഞു തരുന്നത്, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ആത്മാവിൽ കറ പറ്റിയതോടെ മുക്കുപണ്ടമായിപ്പോയി. പവിഴ ബുദ്ധികളായിരുന്നവർ ഇപ്പോൾ കല്ലു ബുദ്ധികളായി മാറി. നിങ്ങൾ കുട്ടികൾ ഇപ്പോൾ ബാബയുടെ അടുത്തേക്ക് കല്ലുനാഥനിൽ നിന്നും പവിഴനാഥനായി മാറാൻ വന്നിരിക്കുകയാണ്. പരിധിയില്ലാത്ത അച്ഛൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ് അതും സ്വർണ്ണിമയുഗത്തിലെ വിശത്തിന്റെ. ഇത് കലിയുഗീ വിശ്വമാണ്. ബാബ കുട്ടികളെ പവിഴപുരിയിലെ അധികാരിയാക്കി മാറ്റുകയാണ്. നിങ്ങൾക്കറിയാം ഇവിടെയുള്ള കൊട്ടാരങ്ങളും മാളികകളൊന്നും ഉപയോഗത്തിലേക്ക് വരികയില്ല. എല്ലാം നശിച്ചു പോകും. ഇവിടെ എന്താണ് എടുത്തുവച്ചിരിക്കുന്നത്. അമേരിക്കയിൽ എത്ര സ്വർണ്ണമാണുള്ളത്. ഇവിടെ മാതാക്കളിലുള്ള കുറച്ചു സ്വർണ്ണത്തെപ്പോലും അവർ എടുത്തുകൊണ്ടിരിക്കുന്നു. കാരണം അവർക്ക് കടമായി സ്വർണ്ണം നൽകണം. നിങ്ങൾക്ക് അവിടെ(സത്യയുഗം) സ്വർണ്ണം തന്നെ സ്വർണ്ണമാണ്. ഇവിടെയുള്ള കക്കകൾ അവിടെ സ്വർണ്ണമായിരിക്കും. ഇതിനെയാണ് കലിയുഗം എന്ന് പറയുന്നത്. ഭാരതം തന്നെയാണ് അവിനാശീ ഖണ്ഡം. ഒരിക്കലും നശിക്കുന്നില്ല. ഭാരതം തന്നെയാണ് ഏറ്റവും ഉയർന്നതിലും ഉയർന്നത്. നിങ്ങൾ മാതാക്കൾ മുഴുവൻ വിശ്വത്തെയും ഉദ്ധരിക്കുന്നു. നിങ്ങൾക്കു വേണ്ടി തീർച്ചയായും പുതിയ ലോകം ആവശ്യമാണ്. അതിനുവേണ്ടി പഴയ ലോകം നശിക്കണം. എത്രത്തോളം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ശരീര നിർവഹണാർത്ഥം ജോലിയും ചെയ്യണം. ഒന്നും ഉപേക്ഷിക്കേണ്ടതായില്ല. ബാബ പറയുന്നു എല്ലാം ചെയ്തു കൊണ്ടും എന്നെ ഓർമ്മിക്കൂ. ഭക്തി മാർഗ്ഗത്തിൽ നിങ്ങൾ പ്രിയതമനായ എന്നെ ഓർമ്മിച്ചുവന്നു, വരൂ വന്ന് ഞങ്ങളെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കൂ. ബാബയെ വഴിയാത്രികൻ എന്നും പറയുന്നു. നിങ്ങൾ എല്ലാവരും വഴിയാത്രക്കാരാണ് നിങ്ങൾ എല്ലാവരുടേയും വീട് ശാന്തീധാമമാണ്, അവിടെയാണ് സർവ്വ ആത്മാക്കളും വസിക്കുന്നത്.

നിങ്ങൾ മറ്റുള്ള ആത്മാക്കളെ ജ്ഞാന ചിതയിൽ ഇരുത്തുന്നു. എല്ലാ കർമ്മക്കണക്കുകളേയും ഇല്ലാതാക്കി അവസാനം തിരികെ പോകണം. പിന്നീട് ആദ്യം മുതൽ പാർട്ട് അഭിനയിക്കാൻ ഇറങ്ങി വരുന്നു, എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ എത്രത്തോളം പവിത്രമാകുന്നുവോ ഉയർന്ന പദവി നേടുന്നു. മാതാക്കൾക്കും ധാരാളം അവസരമുണ്ട്. പുരുഷന്മാരുടെ ബുദ്ധി ജോലി മുതലായവയിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ബാബ കലശം മാതാക്കൾക്ക് നൽകിയത്. ഇവിടെ പത്നിയോട് പറയുന്നു പതിയാണ് നിങ്ങളുടെ ഈശ്വരനും ഗുരുവും സർവ്വതും, നിങ്ങൾ അവരുടെ ദാസിയാണ്. ഇപ്പോൾ ബാബ വീണ്ടും മാതാക്കളെ എത്ര ഉയർന്നതാക്കിയാണ് മാറ്റുന്നത്. നിങ്ങൾ നാരികൾ തന്നെയാണ് ഭാരതത്തെ ഉദ്ധരിക്കുന്നത്. ചിലർ ബാബയോട് ചോദിക്കുന്നു- ഈ വരവ് പോക്കിന്റെ ചക്രത്തിൽ നിന്നും മുക്തമാവാൻ സാധിക്കുമോ? ബാബ പറയുന്നു- യസ്, കുറച്ചു സമയത്തേക്കു വേണ്ടി. നിങ്ങൾ കുട്ടികൾക്ക് ഓൾറൗണ്ടറായി ആദ്യം മുതൽ അന്തിമം വരെ പാർട്ട് അഭിനയിക്കണം. മറ്റുള്ളവരെല്ലാവരും മുക്തിധാമത്തിൽ വസിക്കുന്നു. അവർക്കുള്ള പാർട്ട് കുറച്ചേ ഉള്ളൂ. അവർ സ്വർഗ്ഗത്തിലേക്ക് വരുന്നവരല്ല. ഈ വരവ് പോക്കിന്റെ ചക്രത്തിൽ നിന്നും മുക്തമാകുന്നത് അവരാണ് ആരാണോ അവസാനം വന്ന് പെട്ടെന്ന് പോകുന്നവർ. അവർക്ക് ജ്ഞാനം കേൾക്കാൻ സാധിക്കില്ല. ആരാണോ ആദ്യം മുതൽ അന്തിമം വരെ പാർട്ട് അഭിനയിക്കുന്നത് അവരേ ജ്ഞാനം കേൾക്കൂ. ചിലർ പറയാറുണ്ട് ഞങ്ങൾക്ക് അവിടെത്തന്നെ ഇരിക്കാനാണ് ഇഷ്ടമെന്ന്, അങ്ങനെ ഒരിക്കലും ഉണ്ടാകില്ല. അവസാനം വരണമെന്നുള്ള അവരുടെ പാർട്ട് ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ബാക്കി മുഴുവൻ സമയവും ശാന്തീധാമത്തിൽ വസിക്കുന്നു. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുരമധുരമായ കുട്ടികളെപ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം

1. സത്യം സത്യമായ ബ്രാഹ്മണനായി മാറി എല്ലാവരേയും ജ്ഞാനാമൃതം കുടിപ്പിക്കണം. ജ്ഞാനചിതയിൽ ഇരുത്തണം.

2. ശരീര നിർവഹണാർത്ഥം ജോലികളെല്ലാം ചെയ്തുകൊണ്ടും പതിതത്തിൽ നിന്നും പാവനമാകുന്നതിനു വേണ്ടി ബാബയുടെ ഓർമ്മയിൽ ഇരിക്കണം. എല്ലാവർക്കും ബാബയുടെ ഓർമ്മ ഉണർത്തണം.

## വരദാനം : വിശേഷതകളുടെ ദാനത്തിലൂടെ മഹാനായി മാറുന്ന മഹാദാനി ഭവ.

ജ്ഞാനദാനം എല്ലാവരും ചെയ്യും പക്ഷേ താങ്കൾ വിശേഷ ആത്മാക്കളുടെ തന്റെ വിശേഷതകളെ ദാനം ചെയ്യണം ആരൊക്കെ തന്റെ പക്കൽ വരുന്നുവോ അവർക്ക് ബാബയുടെ സ്നേഹം അനുഭവപ്പെടണം താങ്കളുടെ മുഖത്തിലൂടെ ബാബയുടെ ചിത്രവും ചലനവും ബാബയുടെ ചരിത്രവും കാണപ്പെടണം താങ്കളുടെ വിശേഷതകൾ കണ്ടുകൊണ്ട് അവർക്ക് വിശേഷ ആത്മാവായി മാറുവാനുള്ള പ്രേരണ ലഭിക്കണം അങ്ങനെയുള്ള മഹാദാനിയായി മാറു എങ്കിൽ ആദി മുതൽ അന്ത്യം വരെ പൂജ്യരും പൂജാരി ആയും മഹാനത കാണപ്പെടും.

## സ്ലോഗൻ: സദാ ആത്മ അഭിമാനികളായി ഇരിക്കുന്നവർ തന്നെയാണ് ഏറ്റവും വലിയ ജ്ഞാനി

**അവ്യക്ത സൂചന: സഹജയോഗിയായി മാറുന്നതിനു വേണ്ടി പരമാത്മ സ്നേഹത്തിന്റെ അനുഭവിയായി മാറു.**

ആരാണോ സദാ ബാബയുടെ ഓർമ്മയിൽ ലൗലീനമായി ഇരുന്നുകൊണ്ട് ഞാൻ എന്ന ഭാവത്തെ ത്യാഗം ചെയ്യുന്നത് അവരിലൂടെ മാത്രമേ ബാബയെ പ്രത്യക്ഷപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ നിങ്ങൾ കുട്ടികൾ ജ്ഞാനത്തിന്റെ ആധാരത്തിൽ ബാബയെ ഓർമിച്ചുകൊണ്ട് ലൗലീന സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നു എപ്പോൾ സ്നേഹത്തിൽ അലിഞ്ഞുചേരുന്നുവോ അർത്ഥം ഇവിടെ സ്നേഹത്തിൽ മഗ്നമായിക്കൊണ്ടിരിക്കുന്നു അപ്പോൾ ബാബയ്ക്ക് സമാനമായി മാറുന്നു.